# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 987 — 13/06/2013 ൽ മറുപടിക്ക്

## വൈകല്യം ബാധിച്ച സ്കൂൾ വിദ്യാർത്ഥികൾക്ക് ഉപകരണങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | വൈകല്യം ബാധിച്ച സ്കൂൾ വിദ്യാർത്ഥികൾക്ക് എസ്.എസ്.എ വഴി വിതരണം ചെയ്യുന്ന ഉപകരണങ്ങൾ വാങ്ങുന്നതിന് കേന്ദ്ര സർക്കാർ നൽകുന്ന തുകയുടെ വിശദാംശം വെളിപ്പെടുത്താമോ; | എ) | വൈകല്യംബാധിച്ച സ്കൂൾ വിദ്യാർത്ഥികൾക്ക് എസ്.എസ്.എ വഴി വിതരണം ചെയ്യുന്ന ഉപകരണങ്ങൾ വാങ്ങുന്നതിന് കേന്ദ്ര സർക്കാർ 2013-14 സാമ്പത്തിക വർഷം 103.28 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. |
| ബി) | ഇത്തരം ഉപകരണങ്ങൾ വാങ്ങുന്നതിന് കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ; | ബി) | പ്രത്യേക പരിഗണന അർഹിക്കുന്ന ഓരോ കുട്ടിയേയും കണ്ടെത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകൾ ബി.ആർ.സി തലത്തിൽ എല്ലാ വർഷവും ജൂൺ/ജൂലൈ മാസങ്ങളിൽ നടത്തുകയും ടി ക്യാമ്പുകളിൽ പങ്കെടുക്കുന്ന കുട്ടികളിൽ ഉപകരണങ്ങൾ അവശ്യമെന്ന് വിദഗ്ധഡോക്ടർമാർ നിർദ്ദേശിക്കുന്ന കുട്ടികൾക്ക് ഉപകരണങ്ങൾ നൽകുകയും ചെയ്യുന്നു. എസ്.എസ്.എ യുടെ ധനകാര്യ മാനേജ്മെന്റും വിഭവ സേവന സംഭരണവും സംബന്ധിച്ച മാന്വൽ (FM & PP) അനുസരിച്ചാണ് ഉപകരണങ്ങൾ വാങ്ങുന്നത്. |
| സി) | ഇത്തരത്തിൽ വാങ്ങിയ ഉപകരണങ്ങൾ നിലവാരമില്ലാത്തവയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ഇല്ല. |
| | കേന്ദ്രസർക്കാരിന്റെ മാനദണ്ഡപ്രകാരമുള്ള കമ്പനികളിൽ നിന്നും പർച്ചേസ് നടത്തിയിട്ടുണ്ടോ; | ഡി) & ഇ) | കേന്ദ്ര സർക്കാർ 'ആലിംകോ' എന്ന സ്ഥാനപത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യാനാണ് നിർദ്ദേശിച്ചിരുന്നത്. കേരള സർക്കാർ നിർദ്ദേശ പ്രകാരം 'കെൽട്രോൺ' ൽ നിന്നും ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുകയാണ് ഇക്കാര്യത്തിൽ ചെയ്തിട്ടുള്ളത്. |
| (ഇ) | ഇല്ലെങ്കിൽ മറ്റേതെല്ലാം കമ്പനികളിൽ നിന്നാണ് പർച്ചേസ് നടത്തിയിട്ടുള്ളത് ? | | |

സെക്ഷൻ ഓഫീസർ